# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1752** **18.06.2012 ൽ മറുപടിക്ക്**

***<u>ഒരു മണ്ഡലത്തിൽ 5 കോടി രൂപയുടെ പദ്ധതി</u>***

| ചോദ്യം<br><br>പ്രൊഫ. സി. രവീന്ദ്രനാഥ് | ഉത്തരം<br><br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം. മാണി. |
|---|---|
| ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഒരു മണ്ഡലത്തിൽ 5 കോടി രൂപയുടെ പ്രവർത്തന പദ്ധതിയിൽ പി.ഡബ്ല്യൂ.ഡി. ഒഴികെയുള്ള മറ്റ് വിഭാഗങ്ങളിലെ സ്ഥിര ആസ്തി സൃഷ്ടിക്കുന്നതിനായി ഈ ഫണ്ട് ഉപയോഗിക്കാൻ പറ്റുമോ എന്ന് വ്യക്തമാക്കാമോ? | ഓരോ നിയോജക മണ്ഡലങ്ങളിലും പശ്ചാത്തല സൗകര്യ വികസനത്തിന് വേണ്ടി വിനിയോഗിക്കുവാനാണ് നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് രൂപീകരിച്ചിട്ടുള്ളത്. വിദ്യാഭ്യാസം, ആരോഗ്യം, ജല വിതരണം, ശുചിത്വം, റോഡുകൾ, പാലങ്ങൾ, കൃഷി, മൃഗ സംരക്ഷണം എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകി ഓരോ മണ്ഡലത്തിലെയും പശ്ചാത്തല സൗകര്യ വികസനത്തിനുതകുന്ന പദ്ധതികളാണ് ഇതിൽ വിഭാവനം ചെയ്യുന്നത്. ഇങ്ങനെ ഓരോ മണ്ഡലത്തിലും 5 പ്രധാന പദ്ധതികൾ ഓരോ വർഷവും പൂർത്തിയാക്കാൻ കഴിയും വിധം പദ്ധതി നടപ്പിലാക്കണമെന്നാണ് ലക്ഷ്യമിടുന്നത്. |

അക്കൗണ്ട്സ് ഓഫീസർ